II ശ്രദ്ധക്ഷണിക്കൽ

(1) പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ

ശ്രീ. എ. എ. അസീസ്: സർ, സംസ്ഥാനത്തെ മിക്ക പോലീസ് സ്റ്റേഷനുകളുടെയും പരിസരങ്ങളിൽ പല കാരണങ്ങളാൽ ലോറികളും മറ്റ് വാഹനങ്ങളും പോലീസ് പിടിച്ചെടുത്തവ അനന്തര നടപടികൾ സ്വീകരിക്കാൻ വൈകുന്നതുമൂലം നശിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കൊല്ലം ജില്ലയിൽ മണൽവേട്ട എന്ന പേരിൽ പോലീസ് പിടിച്ചെടുത്ത നൂറുകണക്കിന് വാഹനങ്ങൾ പരിസരങ്ങളിൽ കിടന്ന് നശിക്കുന്നു. കൊട്ടിയം, ചാത്തന്നൂർ, കുണ്ടറ എന്നീ സ്റ്റേഷനുകളുടെ പരിസരങ്ങളിലാണ് ഈ വാഹനങ്ങൾ കിടക്കുന്നത്. മിക്ക പോലീസ് സ്റ്റേഷനുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൊട്ടിയം പോലീസ് സ്റ്റേഷൻ ഉൾപ്പെടെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ കൊട്ടിയം കണ്ണനെല്ലൂർ റോഡിന്റെ ഇരുവശങ്ങളിലായി ഇരുന്നൂറിൽപരം വാഹനങ്ങളാണ് ഇപ്പോൾ പിടിച്ചിട്ടിരിക്കുന്നത്. ഈ വാഹനങ്ങൾ കിടക്കുന്നതുമൂലം ഗതാഗത തടസവും സൃഷ്ടിക്കുന്നുണ്ട്. ഇത്തരത്തിൽ വാഹനങ്ങൾ പിടിച്ചിട്ട് നശിപ്പിക്കുന്നതിനുപകരം മറ്റ് സംവിധാനങ്ങളുണ്ടാക്കാൻ ആഭ്യന്തരവകുപ്പ് തയ്യാറാകണമെന്നതാണ് എന്റെ നിർദ്ദേശം. കുണ്ടറ പോലീസ് സ്റ്റേഷന്റെ പരിസരത്ത് കഴിഞ്ഞ ജൂലൈ 15-ന് അഞ്ചാലുമൂട് റോഡിൽ പോലീസ് സ്റ്റേഷന് അരികിൽ അനേകം നാളായി ഗതാഗത തടസമുണ്ടാക്കുന്ന തരത്തിൽ സൂക്ഷിച്ചിരുന്ന മണൽ ലോറികൾ അവിടെനിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് ഒരു സാമൂഹിക പ്രവർത്തകൻ രാവിലെ എട്ട് മണിയോടെ പോലീസ് സ്റ്റേഷന് മുന്നിലെ റോഡ് അരികിലുള്ള വലിയ മരത്തിന് മുകളിൽ കയറി നിരാഹാര സമരം നടത്തുകയുണ്ടായി. രാവിലെ 10 മണിയോടെ ആരംഭിച്ച സമരം വൈകിട്ട് ആറര മണിയോടെയാണ് അവസാനിച്ചത്. ജില്ലാ പോലീസ് സൂപ്രണ്ടന്റിന്റെ നിർദ്ദേശപ്രകാരം കുണ്ടറ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വി. സുഗതൻ ആറേകാലോടെ മരത്തിന് മുകളിലിരുന്ന ആളിനോട് മൊബൈൽ ഫോണിൽ സംസാരിച്ചതിനെത്തുടർന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ റോഡ് അരികിൽ പാർക്ക് ചെയ്തിരുന്ന വാഹനങ്ങൾ മാറ്റാമെന്ന ഉറപ്പിന്മേൽ ഫയർഫോഴ്സിന്റെ സഹായത്തോടെ അവശനായ മുരുകനെ നെറ്റ് ഉപയോഗിച്ച് താഴെ ഇറക്കുകയായിരുന്നു. മരച്ചില്ലയിൽ നിന്ന് ഉറുമ്പുകടിയേറ്റ ടിയാൻ ചികിത്സയിലാണ്. ഇത് മലയാള മനോരമ 15-ാം തീയതി ഫോട്ടോ സഹിതം (പത്രം ഉയർത്തിക്കാണിച്ചു) പ്രസിദ്ധീകരിച്ചതാണ്. മരക്കൊമ്പിൽ നിൽക്കുന്ന മുരുകനെന്ന ആളിനെ ഫയർഫോഴ്സ് ജീവനക്കാർ ഫയർഫോഴ്സ് വാഹനത്തിന്റെ മുകളിൽ കയറിനിന്ന് താഴെയിറക്കുന്ന ഫോട്ടോയാണ് മലയാള മനോരമ പ്രസിദ്ധീകരിച്ചത്. ഇത്തരത്തിൽ വാഹനങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും പരിസരത്ത് കിടക്കുകയാണ്. ഏതാണ്ട് അമ്പതിനുമേൽ ഇരുന്നൂറ് വാഹനങ്ങൾ വരെ റോഡിന്റെ വശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പാർക്ക് ചെയ്യുകയാണ്. ഇതിലധികവും ചെറിയ ചെറിയ വാഹനങ്ങളാണ്. പ്രവാസികളായിട്ടുള്ള ആളുകൾ ഇവിടെ വന്ന് അവരുടെ ഭാര്യയുടെ മിന്നുംമാലയുമൊക്കെ പണയപ്പെടുത്തി വാങ്ങിയ വാഹനങ്ങളാണ്. മണൽവേട്ട തടയുന്നതിന് ഞങ്ങൾ ആരും തടസ്സക്കാരല്ല. പക്ഷേ, ഇത്തരത്തിൽ ഒരു നശീകരണ പ്രവർത്തനം നടത്തുന്നതിന് സഹായിക്കണോ ? ഇത് ഒന്നുകിൽ കണ്ടുകെട്ടുകയോ ലേലം ചെയ്യുകയോ അല്ലെങ്കിൽ മറ്റ് സംവിധാനങ്ങൾ ഉണ്ടാക്കുകയോ ചെയ്യേണ്ടതാണ്. ഈ ഗവൺമെന്റിന്റെ സൽപ്പേരിനെ പോലും കളങ്കപ്പെടുത്തുന്ന തരത്തിലുള്ള നിലയിലാണ് ഇന്ന് പോലീസ് സ്റ്റേഷന്റെ പരിസരം. പോലീസുകാരെ സംബന്ധിച്ചിടത്തോളം ഈ വാഹനങ്ങൾ പിടിച്ചെടുക്കാൻ വലിയ താല്പര്യം കാണിക്കുന്നുണ്ട്, ജാഗ്രത കാണിക്കുന്നുണ്ട്. കാരണം എന്താണെന്ന് ചോദിച്ചാൽ ഇത്തരത്തിൽ വാഹനങ്ങൾ പിടിക്കുന്നതുമൂലം പോലീസിന്റെ സത്യസന്ധതയെ തന്നെ കളങ്കപ്പെടുത്തുകയാണ്. യഥാർത്ഥത്തിൽ പോലീസുകാർ ചെയ്യേണ്ടുന്ന കൃത്യം നിർവ്വഹിക്കുവാൻ കഴിയാത്തവിധം മണൽവേട്ടയെന്ന് പറഞ്ഞും അല്ലാതെയും വാഹനങ്ങൾ പിടിക്കാൻ വേണ്ടി അതിന്റെ പിറകെ പോകുന്ന സംഭവമാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഈ പോലീസ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചെല്ലാംതന്നെ സമൂഹമദ്ധ്യത്തിൽ അഴിമതിക്കാരാണെന്ന വമ്പിച്ച പരാതികളുണ്ട്. അവർ വാഹനങ്ങൾ പിടിച്ചെടുക്കുന്നത്, മണൽവേട്ട എന്ന വ്യാജേന പാതിരാനേരത്തുപോലും ഇത്തരത്തിലുള്ള പ്രവർത്തികൾ ചെയ്യുന്നതിന്റെ പിന്നിൽ ദുരൂഹതയുണ്ട്.

[അദ്ധ്യക്ഷ വേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ.എ. അസീസ് ഉന്നയിച്ച കാര്യം അദ്ദേഹത്തിന്റെ മാത്രമല്ല പൊതുവിൽ മന്ത്രിമാരായ ഞങ്ങളും അതിൽ പരാതിക്കാരായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ പരിസരം വാഹനങ്ങളുടെ ശവപ്പറമ്പായിട്ട് കിടക്കുകയാണ്. അതിന് ഉദാഹരണം മ്യൂസിയം സ്റ്റേഷനിൽ പോയി നോക്കിയാൽ മതി. അവിടെ കാൽനട യാത്രക്കാർക്കുപോലും, ബുദ്ധിമുട്ടാകുന്ന രീതിയിൽ വളരെ വിസ്തൃതമായ സ്ഥലത്താണ് വാഹനങ്ങൾ കൊണ്ട് കൂട്ടിയിട്ടിരിക്കുന്നത്. കൊല്ലത്തെ കാര്യം ഞാൻ പറയുന്നില്ല. സംസ്ഥാനത്തെ വിവിധ കേസുകളിലായി പിടിച്ചെടുക്കുന്നതും ഉടമസ്ഥനില്ലാത്ത നിലയിൽ കണ്ടെടുക്കുന്നതും മറ്റ് നിയമലംഘനങ്ങളിൽപ്പെട്ട് പിടിക്കപ്പെടുന്നതുമായ വാഹനങ്ങളാണ് പോലീസ് സ്റ്റേഷൻ വളപ്പുകളിൽ സൂക്ഷിച്ചുവരുന്നത്. ഇതിൽ കേസുകളിൽപ്പെട്ട വാഹനങ്ങൾ കോടതിയിൽ കേസുകൾ തീർപ്പാക്കുന്നത് വരെ സൂക്ഷിച്ച്, ആർ.ടി.ഒ.യുടെ തീർപ്പ് പ്രകാരം ഉടമസ്ഥർക്ക് തിരിച്ചുനൽകുകയും ഉടമസ്ഥനില്ലാത്ത നിലയിൽ കണ്ടെടുക്കുന്ന വാഹനങ്ങൾ പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം വാഹനവകുപ്പിന്റെ ഉദ്യോഗസ്ഥർ വില നിശ്ചയിച്ച ശേഷം ഗസറ്റ് വിജ്ഞാപനം നടത്തി പൊതുലേലം നടത്തി സർക്കാരിലേക്ക് മുതൽക്കൂട്ടുകയുമാണ് ചെയ്തുവരുന്നത്. കേസുകൾ തീർപ്പാക്കാൻ കാലതാമസം വേണ്ടിവരുന്ന സാഹചര്യത്തിൽ അത്തരം വാഹനങ്ങൾ സ്റ്റേഷനുകളിൽ കിടന്ന് നശിച്ചുപോകാതെ ഉടമസ്ഥർക്ക് മതിയായ ബോണ്ടിന്മേൽ തിരിച്ചു നൽകുന്നതിന് കോടതികളിൽ റിപ്പോർട്ട് നൽകിവരുന്നുണ്ട്. അത് നിയമപരമായ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളതാണ്. നിയമനിർമ്മാണം വരെ ഭാവിയിൽ ആലോചിക്കേണ്ടിവരും. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ എം.എ.സി.ടി. 1458-ാം നമ്പർ കേസിന്റെ വിധിന്യായത്തിൽ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങളുടെ ഇടപാട് നിശ്ചിത കാലപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് 5-1-2009-ലെ സർക്കാർ സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ സർക്കാർ വകുപ്പുകൾക്കും നൽകുകയുണ്ടായി. സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ അത്തരം വാഹനങ്ങളുടെ ഇടപാടും ഇത് സംബന്ധിച്ച വകുപ്പുതല കേസുകളും 1-3-2009-നകം തീർപ്പാക്കാൻ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പോലീസ് ഡി.ജി.പി. കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിലെ സമയപരിധിക്കുള്ളിൽ വളരെ കുറച്ചുവാഹനങ്ങൾ മാത്രമേ ഇടപാട് തീർത്ത് വിട്ടുകൊടുത്തിട്ടുള്ളുവെന്ന് റിപ്പോർട്ടുകൾ ലഭിച്ചതിനെ തുടർന്ന് കോടതി നിർദ്ദേശം കൃത്യമായി പാലിക്കുന്നതിനും വാഹനങ്ങളുടെ തീർപ്പാക്കൽ അതിവേഗം നടത്തപ്പെടുന്നതിനും പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ച് വീണ്ടും 9-6-2009-ലും 30-6-2009-ലും പോലീസ് ഡി.ജി.പി. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കത്തുകൾ അയച്ചു. ജനറൽ ഇൻഷ്വറൻസ് കൗൺസിലും മറ്റും ചേർന്ന് ഫയൽ ചെയ്ത് റിട്ട് പെറ്റീഷൻ പരിഗണിക്കവേ ബഹുമാനപ്പെട്ട സുപ്രീം കോടതി "The mandatory provisions required u/s.158(6) of Motor Vehicles Act and Section 451 Cr.P.C. are not being complied with judiciously despite of directions issued by Court." എന്ന നിരീക്ഷണം നടത്തുകയും ഈ പ്രശ്നത്തിൽ ഉടൻ നടപടികൾ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ ഈ പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുകയും പ്രൊവിഷൻ പ്രകാരമുള്ള നടപടികൾ ഉറപ്പാക്കുന്നതിന് വീഴ്ച വരുത്തുന്ന സാഹചര്യം ഗുരുതരമായി വീക്ഷിക്കണമെന്നും ഐ.ജി.പി.-മാർ പ്രത്യേക ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. സുപ്രീംകോടതിയുടെ ഈ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുന്നതിന് എല്ലാ റെയ്ഞ്ച് ഐ.ജി.മാർക്കും എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് കമ്മീഷണർമാർക്കും പോലീസ് ഡയറക്ടർ ജനറലിന്റെ കത്ത് 11-6-2010-ൽ, ഏറ്റവും ഒടുവിൽ വിശദമായ നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്പോൾ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്. നടപടികളുടെ പുരോഗതി റെയ്ഞ്ച് ഐ.ജി.പി.മാരും ഡി.ജി.പി.യും ഇടയ്ക്കിടക്ക് പരിശോധിച്ചുവരുന്നുണ്ട്. കൊല്ലം ജില്ലയിൽ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ച വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്ന ഇത്തരം വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് വാഹനങ്ങളുടെ കണക്കെടുപ്പ് നടത്തുകയും ഓരോ വാഹനത്തിന്റെയും വില നിശ്ചയിക്കുന്നതിന് ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം കൊടുക്കുകയും ആയതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. കേസിൽപ്പെട്ടതും വിചാരണയിലിരിക്കുന്നതുമായ കേസുകളിൽ ഉൾപ്പെട്ടതുമായ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതും വിട്ടുകൊടുക്കുന്നതും കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലാണ്. വാഹനകേസുകളിന്മേൽ കോടതി നടപടികൾ ദ്രുതഗതിയിലാക്കി വിധി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഇത്തരം വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറയുന്നതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേഷനുകളിൽ പ്രത്യേകിച്ച് കൊല്ലം ജില്ലയിലെ കൊട്ടിയം പോലീസ് സ്റ്റേഷനിൽ ഇത്തരം വാഹനങ്ങൾ സൂക്ഷിക്കാൻ സൗകര്യം ഒട്ടുംതന്നെയില്ല. പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വാഹനങ്ങൾ നിറയുമ്പോൾ റോഡിന്റെ വശങ്ങളിൽ ട്രാഫിക് തടസ്സം വരാത്ത വിധത്തിൽ വാഹനങ്ങൾ സൂക്ഷിക്കാൻ സ്റ്റേഷൻ അധികൃതർ നിർബന്ധിതരാകാറുണ്ട്. എന്നിരുന്നാലും കൊല്ലം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി സൂക്ഷിച്ചിരിക്കുന്ന ഇത്തരം വാഹനങ്ങൾ എത്രയുംപെട്ടെന്ന് ഡിസ്പോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എ. അസീസ്, ഉപചോദ്യം. വിശദമായ മറുപടിയാണ്.

ശ്രീ. എ. എ. അസീസ് : വിശദമായ മറുപടിയാണ്. അതുകൊണ്ട് വേറെ ഉപചോദ്യം ചോദിക്കുന്നില്ല.

(2) ഫോട്ടോ പതിച്ച റേഷൻ കാർഡ് വിതരണം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കേരളത്തിൽ ഫോട്ടോ പതിച്ച പുതിയ റേഷൻ കാർഡ് വിതരണം പൂർണ്ണമായിട്ടും അവതാളത്തിലാണ്. ഈ വിഷയം പല തവണ സഭയിൽ ഈ സെഷനിൽത്തന്നെ ചോദ്യങ്ങളായും ചർച്ചകളായും ഉന്നയിച്ചിട്ടുണ്ട്. പക്ഷെ ഒരു നടപടിയും അങ്ങയുടെ ഭാഗത്തു നിന്ന് ഉണ്ടാകാത്തതുകൊണ്ടാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ വിഷയം വീണ്ടും ഉന്നയിക്കുന്നത്. പത്തു ലക്ഷത്തോളം കുടുംബങ്ങൾക്ക് കാർഡ് കിട്ടാനുണ്ട്. അരിയും മണ്ണെണ്ണയും റേഷൻ കിട്ടുന്ന പാവങ്ങൾക്കു മാത്രമല്ല പ്രവാസികൾക്കുപോലും ഇന്ന് റേഷൻ കാർഡുണ്ട്. ഇന്ന് മൂന്നേകാൽ കോടി മലയാളികളുടെ അതിപ്രധാനമായ അടിസ്ഥാന ഐഡിയാണ് കാർഡ്. വെള്ളം, വൈദ്യുതി, ടെലിഫോൺ തുടങ്ങിയവയുടെ കണക്ഷൻ കിട്ടാൻ, ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങാൻ, വരുമാന സർട്ടിഫിക്കറ്റിന്, മാവേലി സ്റ്റോർ ഉൾപ്പെടെ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് സാധനം വാങ്ങിക്കാൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ, പാസ്പോർട്ടിനു വേണ്ടി ഇങ്ങനെ എല്ലാ കാര്യത്തിനും ഇന്ന് റേഷൻ കാർഡ് വേണം. പഴയ റേഷൻ കാർഡ്